**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2963** **10-03-2025 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം-മുട്ടത്തറ സീവറേജ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം-മുട്ടത്തറ സീവറേജ് പ്രോജക്ടിന്റെ ഭാഗമായി നടന്നു വരുന്ന ബൈപ്പാസ് - കരിമണൽ സ്ട്രെച്ചിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണം സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ; | (എ) | കഴക്കൂട്ടം മുട്ടത്തറ സീവറേജ് പ്രോജക്ടിന്റെ ഭാഗമായി നടന്നു വരുന്ന ബൈപ്പാസ് - കരിമണൽ സ്ട്രെച്ചിലെ പ്രവൃത്തികളിൽ നിലവിൽ മൂന്ന് കൂട്ടിയോജിപ്പിക്കൽ പ്രവൃത്തികളാണ് ബാക്കിയുള്ളത്. അവ പുരോഗമിക്കുന്നു. 2025 മേയ് മാസം 31-ാം തീയതിയോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അരശുംമൂട് - കുഴിവിള റോഡിൽ കരിമണൽ പമ്പ്ഹൗസിലേയ്ക്ക് യോജിപ്പിക്കേണ്ട ഒരു ലാറ്ററൽ മാൻഹോളിന്റെയും, 200 മി.മീ. വ്യാസ മുള്ള ബ്രാഞ്ച് സീവർ ലൈനിലെ രണ്ട് മാൻഹോളുകളുടെ നിർമ്മാണവും പൂർത്തീക രിക്കേണ്ടതുണ്ട്. സ്ഥലവാസികളുടെ എതിർപ്പി നെത്തുടർന്ന് പ്രസ്തുത പ്രവൃത്തികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | കഴക്കൂട്ടം മണ്ഡലത്തിൽ സീവറേജ് പ്രവൃത്തികൾ എത്ര വാർഡുകൾ കേന്ദ്രീകരിച്ചാണ് നടന്നു വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ കഴക്കൂട്ടം മണ്ഡലത്തിലെ കഴക്കൂട്ടം, പള്ളിത്തുറ, പൗണ്ട്കടവ്, കുളത്തൂർ, ആറ്റിപ്ര, ശ്രീകാര്യം, നാലാഞ്ചിറ, ഉള്ളൂർ, മെഡിക്കൽകോളേജ്, ആക്കുളം, അണമുഖം, കടകംപള്ളി, ഇടവക്കോട് എന്നീ 13 വാർഡുകൾ കേന്ദ്രീകരിച്ചാണ് പ്രവൃത്തികൾ നടന്നു വരുന്നത്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്കാണ് ഈ പ്രോജക്ടിന്റെ ഗുണം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത മണ്ഡലത്തിലെ 25000 ഓളം കുടുംബങ്ങൾക്ക് ഈ പ്രോജക്ടിന്റെ ഗുണം ലഭിക്കും. |
| (ഡി) | പ്രസ്തുത സ്വിവറേജ് പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത സീവറേജ് പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നിരന്തരം മേൽനോട്ടം വഹിക്കുന്നു. ഇതിനായി കരാറുകാരുമായി നിരന്തരം യോഗങ്ങൾ ചേരുകയും മന്ദഗതിയിലായ പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അവസാനിപ്പിച്ച് പുനർ ദർഘാസ് ചെയ്ത് പ്രവർത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവർത്തികളിൽ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | തുക കുറവുള്ളത് 07.02.2025 ന് നടന്ന 37-ാമത് സംസ്ഥാനതല ഹൈപവർ സ്റ്റിയറിംഗ് കമ്മിറ്റി (SHPSC) യോഗത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ